LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടി വനമേഖലയിലെ കഞ്ചാവ് കൃഷി

*18 [169] *ശ്രീ. എ. കെ. മണി:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. പി. ജെ. ജോയ്:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി വനമേഖലയിൽ വ്യാപകമായ തോതിൽ കഞ്ചാവുകൃഷി നടക്കുന്നുണ്ടോ;

(ബി) എങ്കിൽ വനം, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുടെ കൂട്ടായ ആഭിമുഖ്യത്തിൽ ഈ പ്രദേശത്ത് റെയ്ഡ് നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) അട്ടപ്പാടിയിലെ കഞ്ചാവുകൃഷിക്ക് അറുതി വരുത്തുവാനും ഈ കൃഷിയിൽ വ്യാപൃതരായിരിക്കുന്നവരെ അമർച്ച ചെയ്യുവാനും എന്തെല്ലാം നടപടികൾ എടുക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അട്ടപ്പാടി വനമേഖലയിൽ ചില സ്ഥലങ്ങളിൽ കഞ്ചാവ് കൃഷി നടക്കുന്നുണ്ട്.

(ബി) & (സി) ഉണ്ട്.

(ഡി) അട്ടപ്പാടിയിൽ കഞ്ചാവ് കൃഷി തടയുന്നതിനും കഞ്ചാവുനിമിത്തമുള്ള പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 24-10-2002-ലെ ജി. ഒ. (ആർ‌ടി.) 2920/2002/ത.സ്വ. വകുപ്പുപ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ അടിസ്ഥാനമാക്കി ചുവടെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

അട്ടപ്പാടിയിൽ കഞ്ചാവ് കൃഷി നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാനായി സംഘം ചേർന്നുള്ള പരിശോധനകൾ നടത്തിവരുന്നുണ്ട്. ഫോറസ്റ്റ്, എക്സൈസ്, പോലീസ് എന്നീ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥരടങ്ങുന്ന സംഘം കാലാകാലങ്ങളിൽ പരിശോധനയും റെയ്ഡും നടത്തി കഞ്ചാവു ചെടികൾ നശിപ്പിക്കുന്നുണ്ട്. കൂടാതെ രഹസ്യവിവരം നൽകുന്നതിന് ഇൻഫോർമർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കഞ്ചാവ് കൃഷി കണ്ടുപിടിക്കുവാൻ റിമോട്ട് സെൻസിംഗ് ടെക്നിക്ക് നടപ്പിലാക്കുവാൻ

സാധിക്കുമോ എന്നതും പരിശോധിച്ചുവരികയാണ്. ഇതിനെ സംബന്ധിച്ചുള്ള പഠനത്തിന് സെക്കന്തരാബാദിലെ അഡ്വാൻസ്ഡ് ഡാറ്റാ പ്രോസ്സസിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1961-ലെ കേരള ഫോറസ്റ്റ് ആക്ട് ഭേദഗതി

*19 [170] *ശ്രീ. ഷിബു ബേബി ജോൺ:*
„ *ടി. എം. ജേക്കബ്:*
„ *ആർ. ബാലകൃഷ്ണപിള്ള:*
„ *ജോണി നെല്ലൂർ:*
„ *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദനമരകള്ളക്കടത്ത് തടയുന്നതിനായി 1961-ലെ കേരള ഫോറസ്റ്റ് ആക്ട് ഭേദഗതി ചെയ്തിട്ടുണ്ടോ;

(ബി) ഈ നിയമം ഭേദഗതി ചെയ്യുന്നതിനായി പ്രസിഡന്റിന്റെ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ;

(സി) ഈ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കേരള ഫോറസ്റ്റ് അമന്റ്മെന്റ് ഓർഡിനൻസ് 2004 എന്ന് നാമകരണം ചെയ്ത ഈ ഭേദഗതി പ്രസിഡൻറിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസിഡന്റിന്റെ അനുമതി ലഭ്യമായിട്ടില്ല.

(സി) ഈ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

- സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുമതി കൂടാതെ സ്വകാര്യസ്ഥലങ്ങളിലുള്ള ചന്ദനമരങ്ങൾ വെട്ടിമാറ്റുന്നതും കച്ചവടം നടത്തുന്നതും നിരോധിക്കുക.
- സ്വകാര്യഭൂമിയിലെ ചന്ദനമരങ്ങൾ വനം വകുപ്പ് വെട്ടി ശേഖരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും ഉടമസ്ഥന് അതിന്റെ വില നൽകുന്നതിനും വ്യവസ്ഥ ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly